# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1518** **28-07-2021 - ൽ മറുപടിയ്ക്ക്**

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ മൂന്ന് ഘട്ടങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടം (GO(Rt)No.845/2017/H&FWD തീയതി 28/03/2017 പ്രാഥമികാരോഗ്യകേന്ദ്രം, നായരമ്പലം ആർദ്രം രണ്ടാം ഘട്ടം (GO(Rt)No.113/2018/H&FWD തീയതി 16/06/2018 പ്രാഥമികാരോഗ്യകേന്ദ്രം, അയ്യമ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം, മുളവുകാട് പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രം, എടവനക്കാട് ആർദ്രം മൂന്നാം ഘട്ടം(GO(Rt)No.1947/2020/H&FWD തീയതി 22/10/2020 പ്രാഥമികാരോഗ്യകേന്ദ്രം, പിഴല പ്രാഥമികാരോഗ്യകേന്ദ്രം, പുതുവൈപ്പ് പ്രാഥമികാരോഗ്യകേന്ദ്രം, വല്ലാർപാടം ഇതിൽ പ്രാഥമികാരോഗ്യകേന്ദ്രം നായരമ്പലം, അയ്യമ്പിള്ളി, മുളവുകാട്, മുനമ്പം, എടവനക്കാട് എന്നിവ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത വർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി ടി കേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1) പ്രാഥമികാരോഗ്യകേന്ദ്രം, നായരമ്പലം അസിസ്റ്റന്റ് സർജൻ -1 സ്റ്റാഫ് നേഴ്സ് -2 ലാബ് ടെക്നീഷ്യൻ -1 2)കുടുംബാരോഗ്യകേന്ദ്രം, എടവനക്കാട് അസിസ്റ്റന്റ് സർജൻ -1 സ്റ്റാഫ് നേഴ്സ് - 1 ലാബ് ടെക്നീഷ്യൻ -1 3)കുടുംബാരോഗ്യകേന്ദ്രം, മുളവുകാട് സ്റ്റാഫ് നേഴ്സ് - 1 ലാബ് ടെക്നീഷ്യൻ -1 ഇതു കൂടാതെ GO(Rt)No.619/2020/H&FWD dtd. 20/03/2020 പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ |

| | | | |
|---|---|---|---|
| | | | മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ